(ഡി) ഈ ഉത്തരവ് പിൻവലിക്കാനുണ്ടായ കാരണമെന്താണ് ;

(ഇ) ഉത്തരവുമൂലം പിരിച്ച സംഖ്യ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്താണ് ?

ഉത്തരം

(എ) പെർമിസീവ് സാംഗ്ഷൻ നൽകിയിരുന്നു.

(ബി) ഈ ഉത്തരവു പ്രകാരം ബന്ധപ്പെട്ട സമിതികൾ തീരുമാനമെടുത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകിയതായി അറിവില്ല.

(സി) ആണ്.

(ഡി) ഇതിനെപ്പറ്റി പത്രങ്ങളിലും മറ്റും ആക്ഷേപങ്ങൾ വന്നതുകൊണ്ടുമാത്രമാണ് ഉത്തരവ് റദ്ദാക്കിയിട്ടുള്ളത്.

(ഇ) ഏതെങ്കിലും സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയതു തിരികെ വസൂലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻ. ആർ ഇ. പി. യിൽ പണിപൂർത്തിയാകാത്ത റോഡുകളുടെ പണി പൂർത്തിയാക്കാൻ അനുവദിച്ച തുക

304 [479] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി. പദ്ധതിയനുസരിച്ച് പണി പൂർത്തിയാകാത്ത റോഡുകളുടെ പണി പൂർത്തിയാക്കാൻ ഈ സാമ്പത്തിക വർഷത്തിൽ എത്ര രൂപ അനുവദിച്ചു ;

(ബി) ഏതെല്ലാം ജില്ലകളിൽ ;

(സി) ഈ വർഷം റോഡുകളുടെ പണി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടും ചില ബ്ലോക്കുകളിൽ പണി തുടങ്ങിയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ, ബി) റോഡുപണികൾക്ക് മാത്രമായി 800.61 ലക്ഷം രൂപ ഈ വർഷം വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാകാത്ത റോഡുകൾക്ക് മാത്രമായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. മറ്റു വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

പൂർത്തിയാക്കാത്ത എൻ. ആർ. ഇ. പി. റോഡുകൾ

305 [480] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കഴിഞ്ഞ കാലത്ത് എൻ. ആർ. ഇ. പി. യിൽ ആരംഭിച്ചതും ഇതുവരെയായി പൂർത്തിയാക്കുവാൻ സാധിക്കാത്തതുമായ റോഡുകളുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

റോഡുപണികൾ ഉൾപ്പെടെ എൻ. ആർ. ഇ. പി. യിൽ ഏറെറടുത്തതും പണി പൂർത്തിയാകാതെ കിടക്കുന്നതുമായ എല്ലാ പ്രവർത്തികളും പൂർത്തിയാകാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ പണി തുടർന്നു നടത്തുവാൻ കഴിയാത്ത പ്രവർത്തികൾ ഉപയോഗയോഗ്യമായ നിലകളിൽ സംക്രമ്യപ്രദമായ ഘട്ടങ്ങളിൽ ക്ലോസ്ചെയ്യുവാനാണ് നിർദ്ദേശം. മറ്റു പ്രവർത്തികൾ 1985-86 സാമ്പത്തികവർഷം പൂർത്തിയാക്കുന്നതിനാവശ്യമായ തുക പ്രത്യേകം നീക്കിവച്ചിട്ടുണ്ട്.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇനങ്ങളിൽ ചെലവഴിച്ച തുക

306 [481] ശ്രീ. എ. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇനങ്ങളിൽ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഇതിന്റെ ബ്ലോക്കു തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-86-ൽ എൻ. ആർ. ഇ. പി. പദ്ധതി പ്രകാരം 1-3-1986 വരെ 1252.30 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം 1048 98 ലക്ഷം രൂ.യും ചെലവഴിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഐ. ആർ. ഡി. പി., എൻ ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികൾ

307 [482] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ. ആർ. ഡി. പി., എൻ ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളനുസരിച്ച് 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അതിലേക്കുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളനുസരിച്ച് 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളും. അതിലേക്കുവേണ്ടി ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly